"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - കുറ്റിക്കാട് സി.പി.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്എസ്.റ്റി(ഗണിതം) ശ്രീമതി.ശ്രീജ എസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.16388/2021 ലെ 28.01.2022 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2426/2022/GEDN തീയതി,തിരുവനന്തപുരം, 16-04-2022

---

പരാമർശം:- 1. ശ്രീമതി.ശ്രീജ എസ് ന്റെ 31.07.2021 ലെ റിവിഷൻ ഹർജി( എക്സിബിറ്റ് പി7)

2. ശ്രീമതി.ശ്രീജ എസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.16388/2021 ലെ 28.01.2022 ലെ വിധിന്യായം

**<u>ഉത്തരവ്</u>**

കുറ്റിക്കാട് സി.പി.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്എസ്.റ്റി(ഗണിതം) ശ്രീമതി.ശ്രീജ എസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.16388/2021 ലെ 28.01.2022 ലെ വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുമ്പാകെ സമർപ്പിച്ച എക്സിബിറ്റ് പി7 റിവിഷൻ ഹർജി പരിഗണിച്ച് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. എക്സിബിറ്റ് പി 7 റിവിഷൻ ഹർജിയുടെ സാരാംശം ചുവടെ ചേർക്കുന്നു.

“കുറ്റിക്കാട് സി.പി. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്എസ്.റ്റി. (ഗണിതം) തസ്തികയിൽ ഹർ ജിക്കാരിയെ 01.06.2009 ൽ നിയമിച്ചു. എന്നാൽ മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ പ്രസ്തുത നിയമനം നിരസിക്കപ്പെട്ടു. പിന്നീട് 01.06.2011 മുതൽ ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കപ്പെട്ടു. 01.06.2009 മുതൽ 31.05.2011 വരെയുള്ള നിയമനം അംഗീകരിച്ച് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം".

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുറ്റിക്കാട് സി.പി. ഹയർ സെക്കന്ററി സ്കൂൾ മാനേജർ ബോണ്ട് സമർപ്പിച്ചിരുന്നില്ല എന്ന കാരണത്താലാണ് ഹർജിക്കാരിയുടെ 01.06.2009 മുതലുള്ള നിയമനം അംഗീകരിക്കാതെയിരുന്നത്. പിന്നീട് അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയാണ് ടിയാരിയുടെ നിയമനം 01.06.2011 മുതൽ അംഗീകരിച്ചു നൽകിയത്. WP(C) No. 16338/2021 ന്റെ 28.1.2022 ലെ വിധിന്യായത്തിൽ ഇപ്രകാരം പരാമർശിച്ചിരിക്കുന്നു-

“.......there will be a direction to the first respondent to consider and pass appropriate orders

on Ext P7, deeming the Manager to have executed a bond in accordance with the directions of the Division bench of this Court in W.A No 2290 of 2015 and in the light of G.O.(P) No.199/11/G.Edn dated 1.10.2011. It is made clear that the decisions taken thereon by the first respondent will be subject to the challenge pending consideration before the Supreme Court against G.O.(P) No.199/11/Gedn dt 1.10.2011."

3) മേൽ സാഹചര്യത്തിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ മാനേജർ ബോണ്ട് വച്ചതായി കണക്കിലെടുത്ത് സി.പി.ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എ (ഗണിതം) തസ്തികയിൽ ശ്രീമതി.ശ്രീജ.എസ്.ന്റെ 01.06.2009 മുതൽ 31.05.2011 വരെയുള്ള നിയമനം അംഗീകരിക്കുന്നതിനും, തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകനെ നിയമിക്കണമെന്ന വ്യവസ്ഥ ബഹു. സുപ്രീം കോടതിയിൽ നില നിൽക്കുന്ന കേസിന്റെ വിധിയ്ക്ക് വിധേയമായി നടപ്പിലാക്കേണ്ടതാണെന്ന് നിയമനം അംഗീകരിക്കുന്ന ഉത്തരവിൽ വ്യക്തമാക്കുന്നതിനുമുള്ള നിർദ്ദേശം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക നൽകി അപ്രകാരം എക്സിബിറ്റ് പി7 റിവിഷൻ ഹർജി തീർപ്പാക്കി, കുറ്റിക്കാട് സി.പി.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.റ്റി(ഗണിതം) ശ്രീമതി.ശ്രീജ എസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.16388/2021 ലെ 28.01.2022 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYA V K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി.ശ്രീജ എസ്., എച്ച്.എസ്.ടി(ഗണിതം), സി.പി.ഹയർ സെക്കണ്ടറി സ്കൂൾ, കുറ്റിക്കാട്, ചടയമംഗലം, കൊല്ലം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 18-04-2022 10:56:36**
സെക്ഷൻ ഓഫീസർ